സിവിൽ സ്റ്റേറേഷനുകൾ

*350 [369] ശ്രീ. എ. എ. റഹീം:
,, വക്കം പുരുഷോത്തമൻ:
,, പി. ബാലൻ:
,, സേവ്യർ അറയ്ക്കൽ:
,, കെ. രാഘവൻ മാസ്റ്റർ:
,, തെന്നല ബാലകൃഷ്ണപിള്ള:
,, കെ. എസ്. നാരായണൻ നമ്പൂതിരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) ഏതെല്ലാം ജില്ലകളിൽ സിവിൽ സ്റ്റേറേഷനുകളുടെ പണി കൾ പൂർത്തിയാക്കാനുണ്ട്;

(ബി) കാലതാമസത്തിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വിശദ മാക്കാമോ?

മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ):

(എ) ആലപ്പുഴ, എറണാകുളം, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, ഇടുക്കി എന്നീ സിവിൽ സ്റ്റേറേഷനുകളുടെ പണി പൂർത്തിയാകാനുണ്ട്.

(ബി) ആലപ്പുഴ സിവിൽ സ്റ്റേറേഷൻ 31 ബ്ലോക്കിന്റെ എസ്റ്റിമേറ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. കണ്ണൂർ സിവിൽ സ്റ്റേറേഷന്റെ അധിക ജോലികൾ കളക്ടർ നിർദ്ദേശിച്ചിട്ടുള്ളതിന്റെ എസ്റ്റിമേറിനു ഭരണാനുമതി നൽകാനുണ്ട്. മറ്റുള്ളിടങ്ങളിലെ പണികൾ നടന്നു കൊണ്ടിരിക്കുന്നു.

ശ്രീ. സേവ്യർ അറയ്ക്കൽ: 1969-ലാണ് എറണാകുളം ജില്ലയിൽ പണി തുടങ്ങിയത്. ഇത് എന്തു കാരണം കൊണ്ടാണ് ഇതുവരേയും തീരാത്തത്?

ശ്രീ. കെ. പങ്കജാക്ഷൻ: എറണാകുളത്ത് ഒരു ബ്ലോക്കിന്റെ പണി തീർന്നു. അവിടെ ആഫീസ് മാറി. രണ്ടാമത്തെ ബ്ലോക്കിന്റെ പണി നടന്നു കൊണ്ടിരിക്കുകയാണ്. തീരാറായി വരുന്നു.

ശ്രീ. സേവ്യർ അറയ്ക്കൽ: മന്ത്രി പറഞ്ഞു, പല ജില്ലകളിലും നടന്നില്ല എന്ന്. ഏകദേശം എത്ര കൊല്ലം കൊണ്ട് ഈ പദ്ധതി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പറയാമോ?

ശ്രീ. കെ. പങ്കജാക്ഷൻ: വിവിധ സിവിൽ സ്റ്റേറേഷനുകളുടെ പണി ഇനിയും പൂർത്തീകരിക്കാനുള്ളത് ബ്ലോക്കുകളുടെ അടിസ്ഥാന ത്തിൽ എടുത്തു നടത്തിക്കൊണ്ടിരിക്കുകയാണ്. എത്ര വർഷമെന്ന് ഇപ്പോൾ പറയാൻ സാദ്ധ്യമല്ല.

ശ്രീ. തെന്നല ബാലകൃഷ്ണപിള്ള: പണി തീർന്ന ജില്ലകളിൽ മിനി സിവിൽ സ്റ്റേറേഷനുകൾ പണി നടത്തുന്നതിനുള്ള ഏർപ്പാടുകൾ എന്തെങ്കിലുമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പങ്കജാക്ഷൻ: സിവിൽ സ്റ്റേഷനുകളുടെ പണി തന്നെ പൂർത്തിയായിക്കഴിഞ്ഞിട്ടില്ല.

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: ഈ സിവിൽ സ്റ്റേഷനുകളിൽ കളക്ടറേറ്റ് ആഫീസുകളും മാത്രമാണോ പ്രവർത്തിക്കുന്നത്, ഡിസ്ട്രിക്ടിന്റ് ആഫീസുകളെല്ലാംകൂടി ഒരുമിച്ചു പ്രവർത്തിക്കാനുള്ള വല്ല ഏർപ്പാടുമുണ്ടോ?

ശ്രീ. കെ. പങ്കജാക്ഷൻ: കളക്ടറേറ്റ് ആഫീസ് മാത്രമല്ല മറ്റാഫീസുകളും സിവിൽ സ്റ്റേഷനുകളിൽ പ്രവർത്തിക്കുന്നുണ്ട്.

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: തൃശ്ശൂർ ഡിസ്ട്രിക്ടിൽ സിവിൽ സ്റ്റേഷനിൽ കളക്ടറേറ്റ് ഒഴിച്ച് മറ്റു പല ആഫീസുകളും പല സ്ഥലത്തായി പ്രവർത്തിക്കുന്നതുകൊണ്ട് ആളുകൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് അവിടെ ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. പങ്കജാക്ഷൻ: തൃശ്ശൂർ സിവിൽ സ്റ്റേഷന്റെ പണി പൂർത്തിയായിക്കഴിഞ്ഞതാണ്. എല്ലാ ആഫീസുകളും സിവിൽ സ്റ്റേഷനിൽ സ്ഥാപിക്കാൻ ബുദ്ധിമുട്ടുണ്ട്. പല ആഫീസുകളും വാടക കെട്ടിടത്തിൽ കഴിയുന്നു എന്നുള്ളതുകൊണ്ടാണ് മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഗവൺമെന്റ് 1971-ൽ തീരുമാനമെടുത്തത്.

ശ്രീ. സി. എ. കുര്യൻ: ഇടുക്കി ജില്ലയിലെ പല ആഫീസുകളും ജില്ലയ്ക്കു പുറത്താണ് പ്രവർത്തിക്കുന്നത്. സിവിൽ സ്റ്റേഷൻ പണിതു കഴിഞ്ഞാലുടനെ അങ്ങോട്ടു മാറ്റാമെന്നാണ് പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് ഇടുക്കി ജില്ലയിലെ സിവിൽ സ്റ്റേഷന്റെ പണി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നു പറയാമോ?

ശ്രീ. കെ. പങ്കജാക്ഷൻ: പറയാൻ സാദ്ധ്യമല്ല. ഇടുക്കി സിവിൽ സ്റ്റേഷന്റെ രണ്ടു ബ്ലോക്കുകളുടെ പണി ഏറെടുത്തു കഴിഞ്ഞത് വളരെ വേഗത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. ജി. പി. മംഗലത്തുമഠം: ആലപ്പുഴ ജില്ലയിലെ സിവിൽ സ്റ്റേഷന്റെ പണി എന്നത്തേക്ക് പൂർത്തിയാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു എന്നു വ്യക്തമാക്കാമോ?

ശ്രീ. കെ. പങ്കജാക്ഷൻ: ആലപ്പുഴ ജില്ലയിൽ രണ്ടു ബ്ലോക്കുകളുടെ പണി തീർന്നു കഴിഞ്ഞു. അവിടെ ആഫീസ് പ്രവർത്തിക്കുന്നുണ്ട്. മൂന്നാമത്തെ ബ്ലോക്കിന് ഭരണാനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്.

ശ്രീ. തോമസ് ജോസഫ്: ഇടുക്കി സിവിൽ സ്റ്റേഷൻ പണി നടത്തുന്നതിനുള്ള ഡിവിഷൻ മൂവാറ്റുപുഴയായതുകൊണ്ട് പണി ശരിക്കു നടക്കുന്നില്ല എന്നു മനസ്സിലാക്കി പണി ത്വരിതഗതിയിൽ നടത്തുന്നതിനു വേണ്ടി ഈ ഡിവിഷൻ ഇടുക്കി ജില്ലയിലേക്കു മാറ്റാൻ തയ്യാറാകുമോ?

ശ്രീ. കെ. പങ്കജാക്ഷൻ: ഇത് മറ്റൊരു ചോദ്യമാണ്. ഡിവിഷന്റെ അഭാവം കൊണ്ട് നല്ല രീതിയിലല്ലെന്നു പറയുന്നതിനോടു ഞാൻ യോജിക്കുന്നില്ല. മറ്റേ പ്രശ്നം പ്രത്യേകമായി പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: ആലപ്പുഴ ജില്ലയിൽ ഡിസ്ട്രിക്റ്റ് ആഫീസ് നടത്തുന്ന കെട്ടിടങ്ങൾക്കുവേണ്ടി ഒരു വർഷം കൊടുക്കുന്ന വാടകകൊണ്ട് രണ്ടുമൂന്നു സിവിൽ സ്റ്റേഷനുകൾ പണിയാൻ സാധിക്കും. അങ്ങനെയാണെങ്കിൽ വാടക ലാഭപ്പെടുത്താനെങ്കിലും ഈ സിവിൽ സ്റ്റേഷനുകൾ പെട്ടെന്നു പണികഴിപ്പിക്കാൻ നടപടി എടുക്കുമോ?

ശ്രീ. കെ. പങ്കജാക്ഷൻ: ഒരു വർഷത്തെ വാടകകൊണ്ട് സിവിൽ സ്റ്റേഷനുകളുടെ പണി പൂർത്തിയാക്കാൻ കഴിയുമെന്നു പറയുന്നതു ശരിയല്ല.

ശ്രീ. വി. ജെ. ജോസഫ്: പാലായിൽ ഒരു മിനി സിവിൽ സ്റ്റേഷൻ പണി കഴിക്കുമെന്നു കേൾക്കാൻ തുടങ്ങിയിട്ട് വർഷങ്ങളായി. പാലായിൽ മിനി സിവിൽ സ്റ്റേഷൻ എന്നത്തേക്കു പണി തുടങ്ങുമെന്നു പറയാൻ കഴിയുമോ?

ശ്രീ. കെ. പങ്കജാക്ഷൻ: പാലായിലെ മിനി സിവിൽ സ്റ്റേഷനു വേണ്ടി ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുള്ളത് മുമ്പത്തെ കൊല്ലത്തിലാണ്. 1971-ൽ ഗവൺമെന്റ് ഉത്തരവു നൽകിയ ഒരെണ്ണത്തിന്റേയും പണി ആരംഭിക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല.

ശ്രീ. എം. കെ. കൃഷ്ണൻ: പല സ്ഥലത്തും വാടകക്കെട്ടിടങ്ങളിൽ ആഫീസുകൾ നടത്തുന്നതു കൊണ്ടാണ് സിവിൽ സ്റ്റേഷനുകൾ പണിയുന്നതെന്നു പറഞ്ഞു. എന്നാൽ എറണാകുളം, സിവിൽ സ്റ്റേഷന്റെ ഒന്നാമത്തെ ബ്ലോക്ക് പണി പൂർത്തിയായിട്ടും അതിലേക്കു മാറ്റി സ്ഥാപിക്കാൻ നിശ്ചയിച്ച ആഫീസുകൾ ഇപ്പോഴും പ്രൈവറ്റ് കെട്ടിടങ്ങളിൽ തന്നെ വച്ചു കൊണ്ടിരിക്കുകയും ആ സിവിൽ സ്റ്റേഷനിലേയ്ക്ക് ഈ ആഫീസുകൾ മാറ്റി സ്ഥാപിക്കാതിരിക്കുകയും ചെയ്യുന്നതിനു കാരണമെന്താണ്?

ശ്രീ. കെ. പങ്കജാക്ഷൻ: അങ്ങനെയൊരു സംഭവമുണ്ടായെന്നതു ശരിയാണ്. പക്ഷേ മറ്റാഫീസുകൾ എറണാകുളം സിവിൽ സ്റ്റേഷനിൽ മാറ്റി സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ അവിടെ ഒഴിവില്ല.

ശ്രീ. പി. സി. ജോസഫ്: സ്വന്തമായി ഭൂമിയുള്ളതും ധാരാളം കെട്ടിടങ്ങൾ വാടകയ്ക്ക് എടുത്തു നടത്തുന്നതുമായ താലൂക്കു കേന്ദ്രങ്ങളിൽ സിവിൽ സ്റ്റേഷനുകൾ എൽ. ഐ. സി. യിൽ നിന്നോ മറ്റ് ഏജൻസികളിൽ നിന്നോ പണം കടമെടുത്തുകൊണ്ട് കെട്ടിടങ്ങൾ പണിയുകയും ഇന്നുകൊടുക്കുന്ന വാടക എടുത്ത് അത് തവണകളായി അടച്ചു തീർക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. പങ്കജാക്ഷൻ: പരിശോധിക്കാവുന്ന നിർദ്ദേശമാണ്.

ശ്രീ. കെ. സി. വാമദേവൻ: തലസ്ഥാന നഗരിയിൽ തിരുവനന്തപുരം കളക്ടറേറ്റു പോലെ ഇത്രയും അസൗകര്യമുള്ള കളക്ടറേറ്റു മന്ദിരം നമ്മുടെ സംസ്ഥാനത്ത് വേറെയില്ല. അതുകൊണ്ട് തിരുവനന്തപുരം കളക്ടറേറ്റ് ഉൾപ്പെടെയുള്ള ജില്ലാ ആഫീസുകൾ ആരംഭിക്കുന്നതിന് ഒരു സിവിൽ സ്റ്റേഷൻ പണി ആരംഭിക്കാൻ നടപടി എടുക്കുമോ?

ശ്രീ. കെ. പങ്കജാക്ഷൻ: തിരുവനന്തപുരത്ത് സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് നിർദ്ദേശമുണ്ട്. അതിനുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly